# ഹയർ സെക്കണ്ടറി സീറ്റുവിഭജനം സംബന്ധിച്ച് പുനഃപരിശോധന ആവശ്യമാണ്

1991 -ൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിച്ചു എങ്കിലും 1998 മുതലാണ് പ്രീഡിഗ്രി കോഴ്സ് ഡീലിങ്ക് ചെയ്ത് പകരമായി ഹയർ സെക്കണ്ടറി സ്കൂളുകൾ വ്യാപകമായി ആരംഭിച്ചത്. അന്നുണ്ടായിരുന്ന സീറ്റ് അലോട്ട്മെന്റ് ജനറൽ വിഭാഗത്തിന് 50% ഓപ്പൺ മെറിറ്റ്, 10% കമ്മ്യൂണിറ്റി മെറിറ്റ്, 20% എസ്.സി./എസ്.റ്റി മെറിറ്റ്, 20% മാനേജ്മെന്റ് ക്വോട്ട എന്ന പ്രകാരം ആയിരുന്നു.

പിന്നീട് ഈ വിഭാഗത്തിനുള്ള കമ്മ്യൂണിറ്റി ക്വോട്ടാ റദ്ദാക്കുകയും പകരം മാനേജ്മെന്റ് ക്വോട്ടാ 30% ആയി ഉയർത്തുകയും, എസ്.സി./എസ്.റ്റി. ക്വോട്ടാ 20% ആയി നിലനിർത്തുകയും ചെയ്തു. 2021-ൽ മുന്നാക്കവിഭാഗത്തിന് വീണ്ടും 10% കമ്മ്യൂണിറ്റി മെറിറ്റ് പുനഃസ്ഥാപിക്കുകയും നിലവിലുണ്ടായിരുന്ന മാനേജ്മെന്റ് ക്വോട്ടായിൽനിന്ന് 10% കുറവുചെയ്യുകയും ചെയ്തു.

ഈ അദ്ധ്യയനവർഷം 20% മാനേജ്മെന്റ് ക്വോട്ടാ നിലനിർത്തിക്കൊണ്ട് ആ വിഭാഗത്തിന് കമ്മ്യൂണിറ്റി ക്വോട്ടാ വീണ്ടും റദ്ദാക്കിയിരിക്കുകയാണ്. ഇപ്പോൾ പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ് അനുസരിച്ച് ജനറൽ മെറിറ്റ് 50%, മാനേജ്മെന്റ് ക്വോട്ടാ 20%, എസ്.സി./എസ്.റ്റി. മെറിറ്റ് 20% എന്നിങ്ങനെ സംവരണം ചെയ്തിരിക്കുന്നു. ബാക്കി 10% ഏതു വിഭാഗത്തിൽ ഉൾപ്പെടുമെന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിരുന്നില്ല. പിന്നീടാണ് പ്രസ്തുത 10% കൂടി ചേർത്ത് ഓപ്പൺ മെറിറ്റ് 60% ആക്കിയതായി വിദ്യാഭ്യാസമന്ത്രി പത്രക്കുറിപ്പിലൂടെ അറിയിച്ചിട്ടുള്ളത്.

പിന്നാക്കവിഭാഗ-ന്യൂനപക്ഷമാനേജ്മെന്റുകൾക്ക് 40% മെറിറ്റ്, 20% മാനേജ്മെന്റ് ക്വോട്ടാ, 20% കമ്മ്യൂണിറ്റി ക്വോട്ടാ, 20% എസ്.സി./എസ്.റ്റി. മെറിറ്റ് എന്ന രീതിയിലാണ് അനുവദിച്ചിട്ടുള്ളത്. ഇങ്ങനെ വരുമ്പോൾ മുന്നാക്കവിഭാഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സ്കൂളുകളിൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 10% കമ്മ്യൂണിറ്റി മെറിറ്റ് ഇല്ലാതാകുന്നതോടൊപ്പം ആ വിഭാഗങ്ങൾക്ക് പിന്നാക്ക-ന്യൂനപക്ഷവിഭാഗങ്ങളുടെ സ്കൂളുകളിൽ ജനറൽ മെറിറ്റിൽ ലഭിക്കേണ്ട 10% സീറ്റുകൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

ഇത് നായർസമുദായം ഉൾപ്പെടെയുള്ള മുന്നാക്കസമുദായങ്ങളോടു കാണിക്കുന്ന കടുത്ത അവഗണനയാണ്. തികച്ചും വിവേചനപരവും യുക്തിക്കു നിരക്കാത്തതുമായ ഈ സീറ്റ് അലോട്ട്മെന്റ് സംബന്ധിച്ച് ഒരു പുനഃപരിശോധന വേണമെന്നും, മുന്നാക്കവിഭാഗങ്ങൾക്ക് അർഹമായ നീതി ലഭ്യമാകത്തക്ക രീതിയിൽ സീറ്റുവിഭജനത്തിനുള്ള മാനദണ്ഡം നിശ്ചയിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടുകൊള്ളുന്നു.